
# MAR WALAH

Vol.03 Issue-04 October 2023 "MY LORD, MY GOD"

Santhome Church Bulletin, Hulimavu, Bangalore - 560 076



# മാർ വാലാഹ്

*with Santhome we are one*

Santhome
CHURCH, HULIMAVU


## EDITORIAL BOARD

**Patron:**
Rev. Fr. Thomas Kattuthuruthiyil

**Chief Editor:**
Jayson Pappachan

**Content Editor:**
Binno Joseph

**Associate Editors:**
P.D. Jose, Mercy Alex, Shanitha Immanuel

**Circulation Team:**
Baiju Korath, Anil George, Joykutty, Julie Justin

**Layout Design:**
Sunil Varghese






Please mail your feedback and suggestions to
**santhome.bulletin@gmail.com** or **90080 28905**
or drop it in the Parish Bulletin drop box. You can send photos and matters to the same email address for publishing in the Parish Bulletin
*published by* Santhome Church, Hulimavu, Bangalore 560076



# മാർ വാലാഹ്

*with Santhome we are one*

*Vicar's*

# Message

സാന്തോമിന്റെ ഹൃദയസ്പന്ദനങ്ങൾക്ക് പുതിയ ഭാവം ലഭിച്ചിരിക്കുകയാണ്. നമ്മുടെ ഇവടവകയുടെ ബുള്ളറ്റിൻ, Mar Walah ഡിജിറ്റൽ രൂപത്തിൽ നിങ്ങളുടെ വിരൽത്തുമ്പിലെത്തുന്നു. സാന്തോമിന്റെ ചുവടുകളോടൊത്തു അനുയാത്ര ചെയ്യുന്ന നിങ്ങൾക്കെല്ലാവർക്കും പുതുമനിറഞ്ഞ ആസ്വാദനാനുഭവം നേ രുന്നു.


കുറച്ചുകാലത്തെ  നിദ്രക്കുശേഷം  Mar Walah ഉണർന്നെഴുൽക്കുമ്പോൾ കണികണ്ടുണരുന്ന  നിങ്ങളുടെ സഹകരണവും നിർലോഭമായ പ്രോത്സാഹനവും  ഉണ്ടാകുമല്ലോ. ഈ ഉണർവിനു കാരണക്കാരായ ചീഫ് എഡിറ്റർ ബിന്നോ ജോസഫിനും സഹപ്രവർത്തകർക്കും എന്റെ അഭിനന്ദനങ്ങൾ. സർഗസൃഷ്ടികളാൽ Mar Walah യുടെ ഉൾത്തളങ്ങൾ ആകർഷകമാക്കിയ എല്ലാവ ർക്കും അനുമോദനങ്ങൾ.

സുവിശേഷപുണ്യങ്ങൾ സവിശേഷമായവിധം ജീവിതംകൊണ്ട് പ്രഘോഷിക്കുന്നവരുടെ കൂട്ടായ്മയാണ് സാന്തോം ഇടവകകുടുംബം. അൾത്താരയ്ക്  അരികിലിരുന്നു അനുഭവിക്കുന്ന ക്രിസ്തുസ്നേഹം, സമൂഹത്തിൽ പകരുന്ന സാന്തോമിന്റെ ആത്മീയതയിൽവളരുവാൻ Mar Walah കാരണമാകട്ടെ.

ഒരുമിച്ചു സഞ്ചരിക്കാൻ സഭാതനയരെ പ്രബോധിപ്പിക്കാനൊരുങ്ങുന്ന റോമിലെ സിനഡിന്റെയും ജപമാല പ്രാർത്ഥനകളുയരുന്ന ഒക്ടോബർ മാസത്തിന്റെയും  ആത്മീയ പശ്ചാത്തലത്തിലാണ്  Mar Walah വെളിച്ചം കാണുന്നത്. ഇടവക കുടുംബത്തിന് ഒരുമിച്ചു സഞ്ചരിക്കാനും ഇടവകയുടെ  കൂട്ടായ്മ വളരുവാനും  Mar Walah വഴിയൊരുക്കട്ടെ. എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരെപോലെ ക്രിസ്തുവിനോടൊപ്പം സഞ്ചരിക്കുന്ന പകലുകളും അവന്റെ കൂടെ വസിക്കുന്ന രാവുകളും  ആസ്വദിച്ചു നമ്മുടെ ആത്മീയയാത്ര തുടരാം.

സ്നേഹപൂർവ്വം

വികാരിയച്ചൻ<br>
ഫാ. ബേബി തോമസ് കാട്ടുതുരുത്തിയിൽ




***Welcoming everyone to the ‘connect back ‘issue of Mar - Walah!***

We have not been there for a while , and what better time to reinforce our catholic thought solidarity than  coinciding with the liturgical feast of Our Lady of the Rosary celebrated in October.

While it may not be fully accurate – factually - to observe that Christian faith is unique in the prominence that we attribute to the “Mother of God “ ; ie theologically speaking . We do see mother / maternal characters mentioned both centrally and peripherally in other streams of faith too across the world .

There are however earmarked aspects that make the significance biblically attributed to the mother of Jesus , impeccably unique in that she is hallowed as both the pillar for the strength of faith , as also the – prayer and penance - road that takes you all the way to God.

We wish to dwell just on one of those aspects and lay before you for spiritual assimilation.

This is the power of knowing that is emblematic of Mary *through the scriptures on various occasions. viz

11. John 2 –“Turning Water Into Wine”
When the wine was gone, Mary told Jesus about it, and he said, “Why do you involve me?” (v. 4).
To be noted , it is not mentioned in the Bible that the head of the family came and made an appeal to Mary about the predicament ; that there was an impending embarrassment with the esteemed host running out of resources for tending to his guests .

Mary sensed it ! She always stays so close to our bleeding hearts , and eternally alert to all the travails that tie us down.

And after some intervening verses ….”His mother said to the servants, “Do whatever he tells you.” …

And then Jesus tells them what they least expected ..“Fill the jars with water”..

Jesus wants us to do our bit ( fill the stone water-jar..) and leave the rest to him ( I will fill your jars with wine )

Give me the sweat ….I will send you the fruits !
Nothing could be a more appropriate message for us as we emerge from the pandemic, global socio economic crises weather failures ..that list is unending . These are times and places that test the endurance of our true Christian faith .

As we wade through dark valleys of self doubts , praying for a miracle , here is Mother Mary who reassures us as " I comprehend your pain . I see what is tying you down , let me take your prayer to my son as I hold your hand "

Idle mind is the devil's workshop – and in Mary we have the most powerful force to counter the satan and all his tools . Quoting from recent Netflix movie "Pope's Exorcist "..”the devil is the happiest when you think it doesn't exist. " …

Deny him that happiness as we stay spiritually alert , holding the mother Mar's hand through the Rosary on all days of October

Let us be awake when Jesus tells us to fill those stone jars - wishing you the very best to stay blessed abundantly in your endeavours

A blessed Holy Month of Rosary to each one of you

* *Thank you Sister Mary Priya , in sharing this thought during the Alphonsa Unit prayer meet sermon on the September 9th , and paving the foundation for this message





-Jayson Pappachan

# Understanding the Holy Spirt!

Dear Children, the Holy Spirit is often shown in different forms in Bible and each form has a special meaning. Let's look at some of them: Wind, Fire, Light, and Dove.

The Holy Spirit is frequently likened to the wind because wind is invisible and yet powerful. We can't see the wind, but we can feel it blowing and it comforts us especially in hot summer. The Holy Spirit is said to have descended like a mighty wind in the Book of Acts of the Bible. It filled the room where Jesus' disciples were, and then they felt really strong and confident, ready to face any challenges. In another episode from the Old Testament, the Red Sea was parted by the wind to enable Moses and the Israelites to safely cross through it.So, when the Holy Spirit comes into our lives, it's like getting a special power to overcome our problems.

The Holy Spirit is also symbolized as fire in many places in the Bible. Fire is a symbol of making things clean, changing them, and giving light. As we know, on the day of Pentecost, the Holy Spirit descended upon Jesus' disciples as fiery tongues.

The Holy Spirit is linked to light because it helps people understand God's truth and guidance. Acts recounts how a brilliant celestial light enabled Saul to emerge from his spiritual blindness and become a disciple of Jesus.

Finally, the Holy Spirit is depicted as a dove in numerous biblical verses. A dove represents peace, innocence and purity. At the moment of Jesus' baptism, the Holy Spirit came down like a dove, showing that Jesus was Son ofGod and he was ready for His special mission on earth.

These symbols help us understand the Holy Spirit's nature and what it does in a simple way. They show us that the Holy Spirit empowers us, cleans us, helps us understand, and brings peace. Holy Spirit is a special friend and guide in our lives.

The Bible, in Ephesians 4:30, says, "And do not grieve the Holy Spirit of God, by whom you were sealed for the day of redemption." This verse encourages us to live a life that aligns with the Spirit's guidance and not do anything  that would hurt or sadden the Spirit. The Holy Spirit liveswithin us, and actions that are contrary to God's will can sadden the Spirit. Instead, we must pray and receive the gifts of the Spirit and produce Fruits of the Spirit in our every day life!

# ദൈവം കണ്ട സ്വപ്നം





Linda Jimmy

പച്ചപുതച്ച ഒരു കുന്നിൻ മുകളിൽ ഒരുമിച്ച് വളർന്ന മൂന്നു മരങ്ങൾ! ആ നിറഞ്ഞ പച്ചപ്പിൽ അവർ കുന്നിൽ നിറഞ്ഞു നിൽക്കുന്നത് തന്നെ കാണാൻ നല്ല രസമായിരുന്നു. ഒരു ദിവസം അവർ അവരുടെ സ്വപ്നങ്ങളെ കുറിച്ച് പറഞ്ഞു കൊണ്ടിരിക്കുകയായിരുന്നു.

ആദ്യത്തെ മരം പറഞ്ഞു, "എന്റെ സ്വപ്നം എനിക്കൊരു മനോഹരമായ നിധി പേടകമാവണം എന്നാണ്. എനിക്ക് സ്വർണ്ണവും വെള്ളിയും വിലയേറിയ രത്നങ്ങളും കൊണ്ട് നിറയണം! എല്ലാവരും എന്റെ സൗന്ദര്യം കണ്ടു അത്ഭുതപ്പെടണം. എന്നെ തൊടാൻ എല്ലാവരും കൊതിക്കണം" . ഇതു കേട്ട മറ്റു രണ്ടു മരങ്ങളും സന്തോഷത്തോടെ തല കുലുക്കി.

അപ്പോൾ രണ്ടാമത്തെ മരം പറഞ്ഞു, "എന്റെ സ്വപ്നം മറ്റൊന്നാണ്, എനിക്ക് ശക്തിയുള്ള ഒരു കപ്പലാകണം. ഞാൻ രാജാക്കന്മാരെയും രാജ്ഞിമാരെയും മറ്റു രാജ്യങ്ങളിലേക്ക് കടൽ കടന്ന് കൊണ്ട് പോകും. എന്റെ ശക്തിയാൽ എല്ലാവരും എന്നിൽ സുരക്ഷിതരായിരിക്കും" മറ്റു രണ്ടു മരങ്ങൾക്കും സ്വന്തം ശക്തിയിൽ അവനുള്ള ആത്മവിശ്വാസത്തെ ഓർത്തു അഭിമാനം തോന്നി.

ഒടുവിൽ മൂന്നാമത്തെ മരം പറഞ്ഞു, " എനിക്ക് ഇവിടെ തന്നെ നിൽക്കണം. എനിക്ക് കാട്ടിലെ ഏറ്റവും വലിയ മരമായി വളരണം. ഞാൻ ഈ കുന്നിൻ മുകളിൽ നിൽക്കുമ്പോൾ ആളുകൾ എന്നെ കാണാൻ വരും. അവർ എന്റെ ചില്ലയിലേക്കു നോക്കുമ്പോൾ ഞാൻ സ്വർഗത്തിന് എത്ര അടുത്താണെന്നു ഓർത്ത് എല്ലാരും അതിശയിക്കണം. ഞാൻ ആയിരിക്കും എക്കാലത്തെയും ഏറ്റവും വലിയ വൃക്ഷം.

വർഷങ്ങൾ കടന്നു പോയി. ഒരു ദിവസം കുറച്ചു മരം വെട്ടുകാർ വന്നു. അവർ ആദ്യത്തെ മരം നോക്കി പറഞ്ഞു, " ഈ മരത്തിന്റെ തടി കൊള്ളാം, ഇതു വെട്ടി ഏതെങ്കിലും മരപ്പണിക്കാർക്ക് കൊടുത്താൽ നല്ല കാശ് കിട്ടും". അവർ ആ മരം വെട്ടാൻ തുടങ്ങി. മരത്തിനു നല്ല സന്തോഷമായി. താൻ സ്വപ്നം കണ്ടത് പോലെ തനിക്കൊരു സ്വർണ്ണപ്പെട്ടി ആവാൻ കഴിയും. എന്നെ ഇവർ കൊണ്ട് പോയി കൊടുക്കുന്നത് ഒരു മരപ്പണിക്കാരന്റെ കയ്യിലാണല്ലോ. അയ്യാൾ എന്നെ ഒരു സ്വർണ പെട്ടി ആക്കും. മരം ഉറപ്പിച്ചു. സ്വപ്നം സത്യമായതിൽ മരം അതിയായി സന്തോഷിച്ചു .

അടുത്തതായി മരം വെട്ടുകാർ രണ്ടാമത്തെ മരത്തിന്റെ അടുത്ത് വന്നു, "ഇത് നല്ല കരുത്തുള്ള തടിയാണ്. ഇതു വെട്ടി നമുക്ക് കപ്പൽ ഉണ്ടാക്കാക്കുന്നവർക്കു വിൽക്കാം." അവർ ആ മരം വെട്ടാൻ തുടങ്ങി. ആ മരവും സന്തോഷിച്ചു.

അവർ മൂന്നാമത്തെ മരത്തിന്റെ അടുത്ത് വന്നു. ഇപ്പോൾ ഈ മരം കൊണ്ട് ആവശ്യമൊന്നും ഇല്ലെങ്കിലും, പിന്നീട് എന്തെങ്കിലും ആവശ്യം വരും എന്നു അവർ പറയുന്നത് കേട്ടു മരം ഭയന്നു. തന്റെ സ്വപ്നം ഒരിക്കലും നടക്കാൻ പോണില്ലെന്നോർത്തു ആ മരം വിഷമിച്ചു.

ആദ്യത്തെ മരം മരപ്പണിക്കാരന്റെ അടുത്തെത്തിയപ്പോൾ, അദ്ദേഹം ആ തടി കൊണ്ട് മൃഗങ്ങൾക്ക് തീറ്റ കൊടുക്കാനുള്ള ഒരു ബോക്സ് ഉണ്ടാക്കി. മൃഗങ്ങൾക്ക് കഴിക്കാനുള്ള വൈക്കോൽ നിറച്ചു ആ ബോക്സ് തൊഴുത്തിൽ വെച്ചു. ആദ്യത്തെ മരം താൻ സ്വപ്നം കണ്ടതോ പ്രാർത്ഥിച്ചതോ ഇതായിരുന്നില്ല എന്നോർത്ത് നിരാശനായി.

രണ്ടാമത്തെ മരം ഷിപ്പിയാഡിലേക്ക് കൊണ്ടുപോയി, പക്ഷേ ആ തടി കൊണ്ട് ഒരു കപ്പൽ ഉണ്ടാക്കിയില്ല, മറിച് . മത്സ്യത്തൊഴിലാളികളെ കയറ്റാനുള്ള കരുത്ത് മാത്രമുള്ള ഒരു സാദാ മത്സ്യബന്ധന ബോട്ടായി പണിതു. രാജാക്കന്മാരെയും രാജ്ഞിമാരെയും കൊണ്ട് പോകാനുള്ള, അതിശക്തമായ ഒരു കപ്പലാകാനുള്ള അവന്റെ സ്വപ്നങ്ങൾ അതോടെ അസ്തമിച്ചു. മരം ആകെ നിരാശപെട്ടു.

ഒടുവിൽ, ഒരു ദിവസം മറ്റൊരിടത്തും സ്ഥലമില്ലാത്തതിനാൽ ഒരു പുരുഷനും സ്ത്രീയും ഒരു കാലി തൊഴുത്തിൽ താമസിക്കാൻ വന്നു. ആ സ്ത്രീ പ്രസവ വേദന അനുഭവിക്കുന്നുണ്ടായിരുന്നു. ഒത്തിരി സമയത്തിന് ശേഷം ആ സ്ത്രീ ഒരു ആൺകുഞ്ഞിന് ജന്മം നൽകി, അവൾ അവനെ മൃഗങ്ങൾക്കു വൈക്കോൽ കൊടുക്കുന്ന ബോക്സിലെ പുല്ലിൽ കിടത്തി. കുഞ്ഞിന് എന്തെന്നില്ലാത്ത പ്രഭയുണ്ടായിരുന്നു. ആ കുഞ്ഞിനെ കാണാൻ ദൂരെ നിന്നും രാജാക്കന്മാർ വന്നു. ആദ്യത്തെ മരത്തിനു എന്താണ് സംഭവിക്കുന്നതെന്ന് മനസ്സിലായില്ലെങ്കിലും പിന്നീട് ആ കുഞ്ഞു ദൈവ പുത്രൻ ആണെന്ന് മനസ്സിലാക്കി. എല്ലാകാലത്തും എല്ലാവരും ഓർത്തിരിക്കുന്ന വിലമതിക്കാനാകാത്ത ഒരു നിധിയാണ് ആ കുഞ്ഞു എന്ന് ആ മരം തിരിച്ചറിഞ്ഞു ദൈവത്തിനു നന്ദി പറഞ്ഞു



കുറച്ച് വർഷങ്ങൾക്ക് ശേഷം, രണ്ടാമത്തെ മരത്തിന്റെ തടി കൊണ്ട് നിർമ്മിച്ച ചെറിയ മത്സ്യബന്ധന ബോട്ടിൽ ഒരു കൂട്ടം ആളുകൾ കയറി. അവരിലൊരാൾ തളർന്ന് ഉറക്കത്തിലേക്ക് വഴുതി വീണു. ഒരു വലിയ കൊടുങ്കാറ്റ് ഉണ്ടായി , ആ ബോട്ട് കടലിൽ മുങ്ങി പോകുമെന്നു അവർ ഭയന്നു.ആ ബോട്ടിലുണ്ടായിരുന്ന മറ്റ് ആളുകൾ ഉറങ്ങുകയായിരുന്ന ആളെ വിളിച്ചുണർത്തി, അദ്ദേഹം എണീറ്റ് കാറ്റിനെ ശാസിച്ചു. പെട്ടെന്ന് കൊടുങ്കാറ്റ് നിലച്ചു. എല്ലാവരും അമ്പരന്നു. കാറ്റും കടലും പോലും അവനെ അനുസരിച്ചു എന്ന് കണ്ടപ്പോൾ രണ്ടാമത്തെ വൃക്ഷം താൻ വഹിച്ചത് രാജാക്കന്മാരുടെ രാജാവിനെ തന്നെ ആയിരുന്നു എന്ന് മനസ്സിലാക്കി സന്തോഷം കൊണ്ട് മതി മറന്നു.



ഏകദേശം മൂന്ന് വർഷങ്ങൾക്ക് ശേഷം ആരോ വന്ന് ഇരുട്ട് നിറഞ്ഞ ഷെഡിൽ നിന്ന് മൂന്നാമത്തെ മരത്തിന്റെ കഷ്ണങ്ങൾ വലിച്ചെടുത്തു. അതിനു ശേഷം ഒരു ദിവസം, ഒരു ചെറുപ്പകാരൻ ആ മരം ചുമന്നു കല്ലും മണ്ണും നിറഞ്ഞ തെരുവുകളിലൂടെ കൊണ്ട് പോയി. ആ മനുഷ്യനെ ആളുകൾ പരിഹസിക്കുകയും ചാട്ടവാർ കൊണ്ട് അടിക്കുകയും തുപ്പുകയും ചെയ്തു. അവൻ മൂന്ന് വട്ടം ആ കനമുള്ള മരതടി വഹിക്കാനാവാതെ താഴെ വീണു. അപ്പോഴും അവർ ആ മനുഷ്യനെ അടിക്കുന്നുണ്ടായിരുന്നു. ഒടുവിൽ ഒരു ചെറിയ കുന്നിൻ മുകളിൽ എത്തിയപ്പോൾ അവർ ആ മനുഷ്യന്റെ കാലുകളും കൈകളും വലിയ ആണികൾ കൊണ്ട് മരത്തിൽ തറച്ച ശേഷം അവൻ മരിക്കാനായി ആ കുരിശു ഉയർത്തി. തനിക്കു സങ്കൽപ്പിക്കാനാകാത്തതിലും കൂടുതൽ ഉയരത്തിലാണ് ആ കുന്നിൻ മുകളിൽ ആ മരം നിലകൊണ്ടത്. അവിടെ നിന്ന് സ്വർഗം വളരെ അടുത്തായിരുന്നു. എല്ലാവര്ക്കും കാണാൻ കഴിയും വിധം ഉയരത്തിലായിരുന്നു ആ മരം മനുഷ്യപുത്രനെ വഹിച്ചു നിന്നിരുന്നത്.



നമ്മൾ ചിന്തിക്കുന്നതിലും വലിയ പദ്ധതി ആയിരിക്കും നമ്മളെ കുറിച്ച് നമ്മുടെ സൃഷ്ടാവായ ദൈവത്തിനു ഉള്ളത്. അത് നമ്മളെ ഉയർത്താനും നേർവഴിക്കു നടത്താനും ഉള്ള പദ്ധതിയായിരിക്കും. ഈ കഥയിലെ മരങ്ങളെ പോലെ ആദ്യത്തെ മരം വിലമതിക്കാനാകാത്ത സ്വർണ പെട്ടിയാകാൻ ആഗ്രഹിച്ചപ്പോൾ, ദൈവം അവനെ വിലമതിക്കാനാകാത്ത ദൈവ പുത്രന്റെ ജനനം ആണ് ആ മരത്തിനായി നടപ്പിലാക്കിയത്. കപ്പൽ ആവാൻ ആഗ്രഹിച്ച രണ്ടാമത്തെ മരത്തിൽ രാജാക്കന്മാരുടെ രാജാവായ യേശുവിനെ തന്നെയാണ് യാത്ര ചെയ്തത്. മൂന്നാമത്തെ മരവും ഈ ലോകത്തിൽ ഏറ്റവും വലിയ മരമാകാൻ ആഗ്രഹിച്ചപ്പോൾ, അവനെ ഈ ലോകമുള്ള കാലം വരെ എല്ലാവരും ഓർക്കുന്ന ദൈവപുത്രൻ മരിച്ച മരകുരിശായി മാറ്റി. നമ്മൾ ചെയ്യേണ്ടത് ദൈവത്തിൽ വിശ്വസിക്കുക എന്നതു മാത്രമാണ്. ദൈവം നമുക്ക് വേണ്ടി കാണുന്ന സ്വപ്നങ്ങളോളം ഉയരാൻ നമ്മൾ നമുക്ക് വേണ്ടി കാണുന്ന സ്വപ്നങ്ങൾക്ക് ആവില്ല. സൃഷ്ടാവായ ദൈവം നമുക്ക് വേണ്ടി കാത്തുവെക്കുക ഏറ്റവും നല്ല പദ്ധതിയായിരിക്കും.



**Lynil Thomas**

# Natural Learning

The famous Hindi movie “Kaal” fascinated me once. Turning this fascination into reality landed me in the Gir Jungle (wildlife sanctuary) in Gujarat. Just before the onset of monsoon , sometime in May, I had decided to take up this trip all alone. The intention was fun, adventure and losing myself in the tranquility of the woods. The last for me to expect were lessons taught to me amid a dry and sweltering jungle!!!

It was Tuesday morning and the open Gypsy was all set for me with the guide and driver. The hotel assistant who was a North Indian was already excited about accompanying me for the three hours jungle safari. I had settled down in an elevated seating arrangement in the vehicle. We were lucky enough to spot a leopard and lioness within a span of the first hour. The guide obviously was more interested in my wallet than the wild. All the while as he was guiding us, I was unable to strike a balance  between his ability to spot the wildlife and his frantic urgeto earn.

Only after applying some commonsense, I was able to make out that his earning model depended on the tips that I would give him when he spots a lion. I thought he would take me into confidence with his daily expenses and income . Thankfully that was averted.

The rulers of the jungle were already spotted in first two hours. In the last hour though, I could spot many rare species of the deer family. The spotted deers were all over the place. In the midst of this, something strange caught my attention.

There were four to five deers alongside the road making circles around a dry tree. With only a handful of leaves left on some of the branches, the monkeys were playing around on this tree. They were fidgeting with the leftover leaves on the tree. I requested the driver to halt the Gypsy. The guide said they were noted as “hanuman” monkeys due to the white face in the middle of an entirely black body. However I was inquisitive to know the purpose of these monkeys lingering about an almost dry tree.

The guide caught the question mark on my face. He must have read so many faces. He immediately turned towards me to address my question. He explained “Monkeys and the deers are known to be very good friends in a jungle. They are always together”. I bore a puzzled look. He went further “Since the deer thrives on leaves, the monkey helps the deer by plucking leaves from a tree as a deer is unable to climb a tree. That is the reason you will find them together and they are good friends”. The next moment I asked him, “But what does the deer, do in return. How does it return the favor of the monkey? “ . To which the guide replied with a sarcastic smile “It’s only human beings who make friends for a favor in return, not nature”

I felt as if the land below me slid away. The sheer embarrassment on my face was easily evident. For the next few moments, I was unable to face the guide. He must have been less educated than me, but he was very clear about the lessons that nature taught him. He was able to distinguish between the selfish driven friendships that man possesses against the selfless companionship that nature exhibited.

Indeed a good lesson from the nature. Nature is selfless unlike human beings. I experienced nature for just a couple of days and it taught about the selfless friendships. Had I been for some more time, I would have been a more learned man. Indeed natur’ally’!!!

Probably man believes in a friendship which puts forward a question “You have got a friend. But what have you got?"

by Lynil Thomas







# ആറാം സ്ഥലം

Binno Joseph

മരണത്തിന്റെ താഴ്വരയിൽ കൂടി ഒഴുകി നീങ്ങുന്ന, പാദങ്ങളും  മുഖവും ഇല്ലാത്ത പ്രേതാത്മാമാക്കളെ  പ്പോലെ മാസ്ക് ധാരികളായ റഷ്യൻ പട്ടാളക്കാർ , കനത്ത ബൂട്ടുകളുടെ അടിയിൽ ഉടഞ്ഞു തകരുന്ന ഐസ് കഷണങ്ങളെപ്പോലെ ...അതിശൈത്യവും നിലക്കാത്ത പോരാട്ടങ്ങളും  തളർത്തിയ  ആ ഇരുണ്ട നഗരത്തിലെ പ്രതീക്ഷ വറ്റിയ കുറെ ജീവിക്കുന്ന ജഡങ്ങളെ ചവുട്ടി മെതിച്ചു കൊണ്ടിരുന്നു...

ഉച്ച തിരിഞ്ഞു ഏറെ ആയിരുന്നില്ലെങ്കിലും , സമയ ദൈർഘ്യം കുറവുള്ള മഞ്ഞുകാലപ്പകലുകളിൽ ഒന്നായിരുന്നു അത്...നാലു മണിക്കു തന്നെ ഇരുട്ട് കനത്തു തുടങ്ങിയിരുന്നു...നിയോൺ ലൈറ്റുകൾ അങ്ങിങ്ങായി അടിച്ചു കയറുന്ന ഇരുട്ട് പാളികൾക്കു മേൽ മഞ്ഞച്ചായം വാരി വിതറുന്നുണ്ടായിരുന്നു..

നീപ്പേർ നദിയിൽ ഇടയ്ക്കിടയ്ക്ക് പ്രതിഫലിച്ച അഗ്നിയിൽ ...വെടിമരുന്നിന്റെയും ..കത്തിക്കരിഞ്ഞ മാംസത്തിന്റെയും  വിട്ടുമാറാത്ത ഗന്ധം തങ്ങിനിന്ന എല്ലുകൾ മരവിപ്പിക്കുന്ന കാറ്റിൽ  ...  ക്യിവ് പട്ടണം ഒരു അവസാനമില്ലാത്ത പട്ടട പോലെ നില കൊണ്ടു ...

മനോഹരമായ ബൂളിവാർഡുകളിൽ മരണം ഒച്ചയുണ്ടാകാത്ത റബ്ബർബൂട്ടുകളിൽ അളന്നു മുറിച്ച ചുവടുകൾ വെച്ച് ഇല കൊഴിഞ്ഞ പൈൻ മരങ്ങളുടെ പിറകിൽ ക്ഷമയോടെ കാത്ത് നിന്നു

മടുപ്പകറ്റാൻ കളിപ്പാട്ടങ്ങൾ മാറി മാറി പരതുന്ന വകതിരിവില്ലാത്ത ബാല്യങ്ങളെപ്പോലെ , അടുത്ത ഇരയെ കാത്ത്…ടെലെസ്കോപ്പു ഘടിപ്പിച്ച കലാഷ്നിക്കോവ്കളുടെ പിന്നിൽ … തുടിക്കുന്ന ചൂണ്ടുവിരലുകൾ കാഞ്ചിയിൽ തൊടീച്ചു…അതൊന്നമർത്താൻ വേണ്ടിയ ഏറ്റവും ചെറിയ കാരണവും കാത്ത്…സ്നൈപ്പർ പട്ടാളക്കാർ ഉയരമുള്ള കെട്ടിങ്ങളിൽ വലകെട്ടിയ എട്ടുകാലികളെപ്പോലെ കാത്തിരുന്നു ..

സ്പീക്കറിൽ നിന്നും ഒഴുകിക്കൊണ്ടിരുന്ന അടക്കിപ്പിടിച്ച പോളിഷ് സംഗീതത്തിന്റെ മീതെ കൂടെ , ഉക്രയിൻ ബാലൻ വലിയ തീന്മേശയിൽ തലകുമ്പിട്ടിരുന്ന നീണ്ട മുടിക്കാരനോട് ചോദിച്ചു..

" സർ ….അടുത്ത റൌണ്ട് എടുക്കട്ടേ …"

…സമൃദ്ധമായ താടിരോമങ്ങൾ തടവി കണ്ണുകൾ തിരുമ്മി ഐസക് തലയുയർത്തി നോക്കി … വെയ്റ്റർ നിർദേശത്തിനു കാക്കാതെ വോഡ്കയുടെ ഭരണിയിൽ നിന്നും ചഷകങ്ങൾ നിറക്കാൻ തുടങ്ങിയിരുന്നു …അവനു ചുറ്റും കൂടിയിരുന്നവർ തങ്ങളുടെ തലവനെ ഉറ്റു നോക്കിക്കൊണ്ടിരുന്നു…വെയ്റ്ററും വോഡ്കയും ഗ്ലാസുകളും അവർ ആരും കാണുന്നുണ്ടായിരുന്നില്ല …

ഐസക് ചോദിച്ചു …"സൈമൺ …അവരെവിടെ …വരില്ലേ ? "

സൈമൺ എന്ന പീറ്റർ ….പുറത്തേക്കുറ്റു നോക്കിക്കൊണ്ടു പറഞ്ഞു …

" റബ്ബീ …വൈബർ മെസ്സേജ് ഉണ്ടായിരുന്നു …മരിയോപോളിൽ ആഹാര പാക്കറ്റുകൾ അഭയാർത്ഥി ക്യാമ്പിൽ വിതരണം ചെയ്തുകഴിഞ്ഞു , അവന്മാർ മോട്ടോർ സൈക്കിളുകളിൽ എത്തിക്കൊണ്ടിരിക്കുന്നു …"



സൈമൺ ഇതുപറഞ്ഞു കൊണ്ടിരിക്കുമ്പോൾ ഹാഫ് ഡോർ തള്ളിത്തുറന്നു ലൂക്ക അകത്തേക്ക് കയറി...

ഐസക് എഴുന്നേറ്റു അയാളെ ആലിംഗനം ചെയ്തു ...

ജോഹൻ ...പോൾ ...തോമസ് ...മാത്യു ...പത്തോളം പേരുള്ള അവരുടെ സംഘം മദ്യം മോന്തിക്കൊണ്ടിരുന്ന മോക്രിവ്യുസ മദ്യശാലയുടെ സുതാര്യമായ കണ്ണാടിപ്പാളികളിലൂടെ ഗോരോട്ട്സ്കി മ്യൂസിയം യുദ്ധത്തിന്റെ ഈ തീവ്രതയിലും തലയുയർത്തി വെളിച്ചത്തിൽ കുളിച്ചു നിൽക്കുന്നത് അവനു കാണാമായിരുന്നു ...

അന്ന് പെസഹാ വ്യാഴാഴ്ച ആയിരുന്നു ...

" അവര് വണ്ടി പാർക്ക് ചെയ്യുകയാണ്...ഇപ്പോൾ കയറി വരും ...ബുകായിൽ ബോംബിങ് ഉണ്ടായിരുന്നു ...തലനാരിഴക്കാണ് കിൻസൽ മിസൈൽ ...എന്നെ മിസ് ചെയ്തത് ...! ""

ലൂക് ഒരു ബ്രൗൺ ബാഗ് തീന്മേശക്ക് മുകളിൽ വച്ച്...അതിൽ നിന്ന് കുരിശൂ ബേക്ക് ചെയ്തുണ്ടാക്കിയ പുളിക്കാത്ത അപ്പം ഒരു പിഞ്ഞാണിയിൽ പുറത്തെടുത്തു വച്ചു ...

"സുഖോയ് എസ് യു 27 ....എന്റെ കണ്ണുകൾക്ക് അമ്പതു മീറ്റർ മുന്നിൽ ...ഒരു പടുകൂറ്റൻ കഴുകനെപ്പോലെ തീ തുപ്പി ഞങ്ങളുടെ കോൺവോയുടെ മേൽ "...തന്റെ മാൻ തോൽ ജാക്കറ്റ് കസേരയുടെ മീതെ തൂക്കി , ലുക്കാ ഇരുന്നപ്പോഴേക്കും അവരുടെ പന്ത്രണ്ട അംഗ സംഘത്തിലെ അവസാനത്തെ നാലുപേരിൽ മൂന്നു പേർ കൂടി ഐസക്കിനെ ആലിംഗനത്തിൽ വന്ദിച്ചു ഉപവിഷ്ടരായി...

അവസാനം പ്രവേശിച്ച ജൂഡ് ....തന്റെ ഹെൽമെറ്റ് ഊരാൻ ഏതാനും നിമിഷങ്ങൾ ചിലവഴിച്ചു...

" ഇവിടെ എന്റെ അടുത്തിരിക്കൂ ജൂഡ് .." സൈമൺ ക്ഷണിച്ചു...ആ നിമിഷത്തിൽ ഹാഫ് ഡോർ ഒരു ചെറിയ സ്ഫോടനം പോലെ തള്ളി തുറക്കപ്പെട്ടു...കലാഷ്നിക്കോവ് ധാരികളായ ആറു റഷ്യൻ പട്ടാളക്കാർ ആ വലിയ മേശയുടെ എതിര്ഭാഗത്തു നിരന്നു നിന്നു ...

സൈമണിന്റെ കണ്ണുകൾ ജൂഡിലേക്കു തിരിഞ്ഞു...

"ചതിയൻ "...
കൊള്ളിമീൻ പോലെ അരപ്പട്ടയിൽ എത്തി തിരിച്ചുയർന്ന അവന്റെ കൈകളിൽ ..ചൂണ്ടുവിരലിന്റെ തുമ്പത്തു ...തീനാമ്പുകൾ പ്രത്യക്ഷപ്പെട്ടു ...മദ്യചഷകങ്ങളെ കിടുകിടുപ്പിച്ചു കൊണ്ട് മൗസെർ 9 എംഎം ഓട്ടോമാറ്റിക് , രണ്ടുവട്ടം ഗർജ്ജിച്ചു
" നെ ദ്രീഗേസ്യ ... അനങ്ങരുത് " ...കോപാക്രാന്തനായ സൈമണിന്റെ ശബ്ദത്തിൽ റഷ്യൻ യൂണിഫോമിന്റെ പിറകിൽ ഒളിച്ചിരുന്ന ഇരുപതു വയസ്സ് തികച്ചില്ലാത്ത റഷ്യൻ പട്ടാളക്കാർക്കു രക്തമുറക്കുന്നതായി തോന്നി

നേരിയ ആവി പോലെ തോക്കിലെ പുക ആ ഇടുങ്ങിയ മുറിയിൽ രണ്ടോ മൂന്നോ നിമിഷം താങ്ങി നിന്ന്...പിന്നെ അലിഞ്ഞില്ലാതായി ...

" നിയറ്റ് ...നിയറ്റ്...തോക്ക് ഉറയിൽ ഇടൂ..." ഐസക് പരിഭ്രാന്തനായി മുന്നോട്ടു കുതിച്ചു ....തന്റെ തോളും താങ്ങിക്കൊണ്ടു നിലത്തിരുന്നു റഷ്യൻ ഭടന്റെ രക്തമൊലിക്കുന്ന മുറിവിൽ അയാൾ അമർത്തിപ്പിടിച്ചു...

"ഫസ്റ്റ് എയ്ഡ്  പാസ് ചെയ്യൂ ..വേഗം ..."...

കമിഴ്ന്നു നിശ്ചലനായി കിടന്ന ജൂഡിന്റെ ചെവിക്കു പിന്നിൽ ഐസക് കൈ അമർത്തി..അവന്റെ ധമനികളിൽ ചലനമുണ്ടായിരുന്നില്ല  ...ഒറ്റുകാരന്റെ അഞ്ചാമത്തെ വാരിയെല്ലിന്റെ തൊട്ടു മുകളിൽ നേരിയ മുറിവിനു  ചുറ്റും  ചുവന്ന കണ്മഷി പോലെ രക്തം കിനിഞ്ഞു നിന്നു ...ബഹിർഗമനസുഷിരത്തിൽ നിന്നും ചോര കുതിച്ചു ചാടി...കാർപെറ്റിന്റെ ചുവപ്പിൽ വെറും നനവായി അലിഞ്ഞു ചേർന്നു ...

"സൈമൺ ...നിങ്ങൾ രക്ഷപ്പെടൂ ... എന്നെ മാത്രമാണിവർക്കാവശ്യം ".....

"സർ...നമുക്കൊന്നിച്ചു പോകാം ..ഒരു മാഗസിൻ എന്റെ പോക്കറ്റിൽ ഉണ്ട് ..." ...

പേടിച്ചരണ്ട റഷ്യൻ യൂണിഫോമിലുള്ള കോമാളികളെ  ഒരു നിമിഷം നോക്കി ഐസക് നെടുവീർപ്പിട്ടു..എന്നിട്ടു തന്റെ പരുക്കൻ ശബ്ദത്തിൽ ഒട്ടും ഉൽക്കണ്ഠയില്ലാതെ പറഞ്ഞു...

"സൈമൺ ...ഇതൊരാജ്ഞയാണ് "...പിസ്റ്റലിൽ നിന്നും പരന്ന വെടിയുണ്ടകളേക്കാളും ശക്തിയുണ്ടായിരുന്നു പൂർണശാന്തതയിൽ  ഉച്ചരിച്ച ആ വാക്കുകൾക്ക് ..."

പത്തു പേരും ജനാല വഴി കെട്ടിടത്തിന് പുറകിലെ ഇരുട്ടിലേക്ക് ഊളിയിട്ടു...സൈമൺ പിസ്റ്റൾ ഐസക്കിന് കൈ മാറി...അവസാനമായി ഒന്ന് കൂടി ആ ശാന്തമായ മുഖത്തേക്ക് നോക്കി , പിന്നെ എല്ലാം വിഴുങ്ങുന്ന അന്ധകാരത്തിന്റെ ഉള്ളിലേക്ക് അപ്രത്യക്ഷനായി  ...

" ഐസക് നീയെന്നെ തീർത്തും നിരാശനാക്കി ..."...
അതൊരു ഇരുമ്പു നിർമ്മാണ ശാലയുടെ നാലോളം ആഴ്ചകളായി ഉപയോഗ ശൂന്യമായിക്കിടന്നിരുന്ന സംഭരണശാല ആയിരുന്നു ...പ്യൂട്ടിൻ ഉക്രൈനിന്റെ മേൽ യുദ്ധം തുടങ്ങിയത് പിന്നീട് പിടിച്ചെടുത്ത റഷ്യൻ പട്ടാളം മിലിറ്ററി ആവശ്യങ്ങൾക്ക് ഓഫീസ് ആയി ഉപയോഗിച്ച് വന്നിരുന്ന സ്ഥലം ...

പട്ടാളക്കോടതിയുടെ നടപടി അറ ....
" നിന്നെക്കുറിച്ചു കേട്ടതെല്ലാം വളരെ വളരെ അധികമായിരുന്നു ! "....
റഷ്യൻ പട്ടാളമേധാവി ...അനാറ്റൊലി ...

" നിന്നെപ്പോലെയൊരു വിഡ്ഢിയെ ഞാൻ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല ...നീ മൂന്നു ദിവസങ്ങൾക്കുള്ളിൽ പ്യൂട്ടിന്റെ പടയെ തുരത്തും ...ക്യിവ് നഗരം തിരിച്ചു പടുത്തുയർത്തും "....
അയാൾ ഒരു ഉന്മത്തനെപ്പോലെ പൊട്ടിപ്പൊട്ടി ചിരിച്ചു...

" നീ ആരാ ദൈവപുത്രനായ മിശിഹായോ ! "....
ശബ്ദത്തിൽ രക്തം കട്ട പിടിച്ച ഐസക്കിന്റെ മുഖം പാതിയിൽ അധികം തകർന്നിരുന്നു... ഒരു കണ്ണ് നീര് വന്നു തുറക്കാനാവാത്ത വിധം അടഞ്ഞിരുന്നു

ചെവി അടച്ചുള്ള നിരവധി അടികളിൽ അവന്  നന്നായി കേൾക്കുന്നുണ്ടായിരുന്നില്ല

ഇടി  മുഴങ്ങുന്ന ശബ്ദത്തിൽ വീണ്ടും അയാൾ ആവർത്തിച്ചു...

" ഈ കുറ്റങ്ങളൊക്കെ നീ സമ്മതിക്കുന്നോ ...എങ്കിൽ ഫയറിങ് സ്‌ക്വാഡ് അനുവദിച്ചു തരാം ..."

അനാറ്റൊലിയുടെ മീശ കോപം കൊണ്ട് തുള്ളി വിറക്കുന്നുണ്ടായിരുന്നു ....

" ഇല്ലെങ്കിൽ രാജ്യത്തെ ദ്രോഹിച്ച കുറ്റത്തിന് , പരിശീലിപ്പിച്ച വേട്ടനായ്ക്കൾ നിന്നെ വളരെ മെല്ലെ കടിച്ചു കീറും ...മോസ്കോവിലെ നിന്റെ കുടുംബം മിച്ച ആയുസ്സിൽ സൈബീരിയയിൽ ഒടുങ്ങും " ...

അതവൻ വ്യക്തമായി കേട്ടു ...നിസ്സംഗതയോടെയുള്ള അവന്റെ നോട്ടം അയാളെ ഭ്രാന്ത് പിടിപ്പിക്കുന്നുണ്ടായിരുന്നു ...

പരിപൂർണ്ണ മരവിപ്പിന്റെ രണ്ടു നിമിഷങ്ങൾ ...അതിന്റെ അവസാനം അരയിൽ നിന്നും തുകലിന്റെ കനത്ത ബെൽറ്റ് വലിച്ചൂരി അയാൾ ഐസക്കിന്റെ മുഖത്തും കഴുത്തിലും തലങ്ങും വിലങ്ങും പ്രഹരിച്ചു ....

പ്രജ്ഞയുടെ കണികകൾ മാത്രം ബാക്കിയായി ... ദുസ്സഹമായ വേദനയുടെ ഞരക്കത്തോടെ ഐസക് നിലത്തമർന്നു ...കണ്ണുകളിൽ മിന്നിമറയുന്ന വെളിച്ചം ...നാവിൽ പിത്തദ്രാവകത്തിന്റെ കയ്പ്..
റോളിങ്ങ് ഷട്ടർ തുറക്കുന്ന സീൽക്കാരശബ്ദത്തിന്റെ അവസാനം ...തള്ളിക്കയറിയ സൂര്യപ്രകാശം ഒരു നിമിഷം അനാറ്റോലിയെ അന്ധനാക്കി ....കാർമേഘങ്ങൾ മൂടിയ നാളുകളുടെ നിരയിൽ അപൂർവമായ ഒരു പകലിന്റെ വെയിൽ...

കണ്ണിലെ ഇരുട്ട് മാറിയപ്പോൾ ആനക്കൊമ്പിന്റെ നിറമുള്ള സ്വീഡ് മേൽവസ്ത്രം ധരിച്ച നാല്പത്തിത്തഞ്ചു വയസ്സോളമുള്ള ഒരു സ്ത്രീ അയാളുടെ മുന്നിൽ നിന്നു ...നേരിയ ഒടിവിൽ തീർത്തും ചുരുളാതെ സ്വർണ നിറത്തിലെ അവളുടെ മുടിയും ...നീല നിറമുള്ള കണ്മണികളുടെ ചുറ്റും സമൃദ്ധമായ കറുപ്പിലെ കൺപീലികളും...

അനാറ്റൊലിയുടെ സിരകളിൽ രക്തം ഇരച്ചു കയറി ...

അവൾ അതൊന്നും കാണുന്നതും അറിയുന്നതും ഇല്ലായിരുന്നു ...
നിറതോക്കും വെറിയും വെറുപ്പും കൈയിൽ എടുത്തു പിടിച്ചു കലിതുള്ളി മദോന്മത്തനായി നിന്ന റഷ്യൻ പടത്തലവന്റെ മുഖത്തും നിസ്സംഗതയുടെ കനത്ത ആവരണം വലിച്ചെറിഞ്ഞു .. , അവൾ മുന്നോട്ടു നടന്നു..

നിലത്തു കിടന്നു പുളയുന്ന തന്റെ മകനെ താങ്ങി മടിയിൽ കിടത്തി...തന്റെ കൈയിലെ ഫ്ലാസ്കിൽ നിന്നും വെള്ളം അവന്റെ ചുണ്ടോടടുപ്പിച്ചു ...

" ആരാണിവർ ...എങ്ങനെ അകത്തു വന്നു ...?? " ...അനറ്റോലി അലറി ...അങ്ങോട്ടും ഇങ്ങോട്ടും മുഴങ്ങുന്ന നപുംസകങ്ങളായ ബൂട്ടുകൾ അയാളുടെ ഗർജ്ജനങ്ങളെ ശിരസ്സാവഹിച്ചു ...

" ജനറൽ ..ഇവളുടെ പേര് ഗെറ്റിഷാ....അഭയാർത്ഥി ക്യാമ്പിലെ പെണ്ണുങ്ങളുടെ നേതാവ് ....ഐസക്കിന്റെ 'അമ്മ ....സുന്ദരിയായ മകളുണ്ട് .." ...

" സർ ...ഇയാൾ മനുഷ്യത്വത്തിന് എതിരായി ഒരു കുറ്റവും ചെയ്തിട്ടില്ല ...." ഇടറാത്ത , ഭയപ്പെടാത്ത ശബ്ദത്തിൽ അവൾ പറഞ്ഞു തുടങ്ങി ...

നിമിഷങ്ങൾ നടുവൊടിഞ്ഞ പാമ്പിനെപ്പോലെ ഇഴഞ്ഞു...

പടത്തലവന്റെ കൈകൾ അട്ടയെപ്പോലെ അവളുടെ മുഖത്തും തോളത്തും അരിച്ചിറങ്ങി... "ഇവളെ പിടിച്ചു പുറത്താക്കൂ ..." ..

നിലത്തു തലയും താങ്ങിപിടിച്ചിരുന്ന ഐസക്കിന്റെ വയറിന്റെ പാർശ്വത്തിൽ അയാൾ ബൂട്ടു കൊണ്ട് ആഞ്ഞു തൊഴിച്ചു...." ഇവനെ T - 80 ടാങ്കിന്റെ പുറകിൽ കെട്ടി വലിച്ചിഴക്കൂ ... നഗരത്തിനു ചുറ്റും...എന്നിട്ടു ലീസഹോറ മലമുകളിൽ കെട്ടിത്തൂക്കു ...കറുത്ത കഴുകന്മാർക്കു വേണ്ടി ..മരണം വരെ .."



പ്യൂട്ടിൻ കൈയൊപ്പ് ചാർത്തിയപ്പോൾ ...ദൈവം നിപ്പേർ നദി താണ്ടി അങ്ങ് ദൂരത്തേക്ക് പോയിരുന്നു ...

റഷ്യൻ യുദ്ധവിമാനങ്ങളും ..മനസ്സാക്ഷി വോഡ്കയിൽ മുക്കി നെരുപ്പിൽ എറിഞ്ഞ ഒരു കൂട്ടം ചണ്ഡാളന്മാരും സംഹാരതാണ്ഡവം ആടിയ നാലാഴ്ചകളിൽ തൊണ്ണൂറു ശതമാനം ഉക്രയിൻ പൗരന്മാർക്ക് കിടപ്പാടവും..പണവും ആഹാരവും ...അവരുടെ പെണ്ണുങ്ങൾക്ക് മാനവും ഇല്ലാതായിരുന്നു...

ക്യിവ് അവസാനിക്കുന്നതെവിടെ ...നരകം തുടങ്ങുന്നതെവിടെ എന്ന് സംശയിച്ച നാളുകളിൽ ഒന്നിൽ ഒരു കൂട്ടം വെറിപിടിച്ച റഷ്യൻ പട്ടാളക്കാർക്ക് മുന്നിൽ ഗെറ്റിഷാ മുട്ടിന്മേൽ നിന്ന് കൊണ്ട് മേൽ വസ്ത്രത്തിന്റെ കുടുക്കുകൾ അഴിച്ചു...

വിളക്കുതൂണിൽ കെട്ടപ്പെട്ടു വെറോൺ ...അവളുടെ പതിനഞ്ചു കാരി മകൾ ഏങ്ങലടിക്കുന്നുണ്ടായിരുന്നു ...പെട്രോളിൽ കുളിച്ചു ഭയന്ന് വിറച്ചു നിന്ന അവളുടെ കാതുകളിലെ വൈറ്റ് മെറ്റൽ കുണുക്കുകളിൽ നിന്നും തൂങ്ങിക്കിടന്നു നിലാവിന്റെ നൂലുകൾ ...അവൾക്കു തീ കൊളുത്തിയേക്കുമോ എന്ന് ഗെറ്റിഷാ ഭയന്നു ...വസ്ത്രങ്ങൾ അഴിച്ചു കൊണ്ടിരുന്ന അവളുടെ കൈകൾ കൂടുതൽ ചടുലമായി

കത്തിച്ച സിഗരറ്റ് വെറോണിന് നേരെ ചുഴറ്റി ആ കൂട്ടത്തിന്റെ തലവൻ അട്ടഹസിച്ചു ... അതിലെ ചെറിയ തീപ്പൊരികൾ ആ ചിരി ഏറ്റുവാങ്ങി അന്തരീക്ഷത്തിലെ മഞ്ഞിൻ കണങ്ങളുമായി ഇണചേർന്ന്..പിന്നെ ഇല്ലാതായി

ചരൽക്കഷണങ്ങൾ തെറിപ്പിച്ചു കൊണ്ട് ഒരു കറുത്ത ലാൻഡ്റോവർ വിളക്ക് തൂണിന്റെയും തലവന്റെയും കൃത്യം നടുക്ക് ഒരു വ്യാഘ്രത്തിന്റെ മുരൾച്ചയോടെ സഡൻ ബ്രേക്ക് ചെയ്തു ...കറുത്ത തുണിയിൽ പാതി മുഖം മറച്ച ഒരു ആറരയടിക്കാരൻ ചാടിയിറങ്ങി...ഇടതു കൈയിൽ ഒരു സബ് മെഷീൻ ഗൺ പിടിച്ചു കൊണ്ട് ചാടിയിറങ്ങി ... ഇടിമിന്നലിന്റെ രൂപവും ഭാവവുമുണ്ടായിരുന്ന അയാളുടെ ആക്രോശങ്ങൾക്കു അവസാനം വെറോണിന്റെ കെട്ടുകൾ അഴിക്കപ്പെട്ടു...ഗെറ്റിഷാ തന്റെ മേൽവസ്ത്രം കൊണ്ട് അവളെ പുതപ്പിച്ചു ...

പരുന്തിന്റെ താഴെനിന്നും വാരിയെടുത്ത മുയൽക്കുട്ടികളെപ്പോലെ അവരെയും കൊണ്ട് ലാൻഡ്റോവർ മെട്രോസ്റ്റേഷനിന്റെ ബേസ്മെന്റിൽ എത്തി...ആഹാരത്തിന്റെ പാക്കറ്റുകളും വെള്ളം നിറച്ച ഒരു കന്നാസും കൈയിൽ പിടിപ്പിച്ചു ...വന്നതുപോലെ ആ ദൈവത്തിന്റെ പ്രതിപുരുഷൻ ...അവന്റെ അനുയായികൾ പുറത്തെ ഇരുട്ടിലേക്ക് അലിഞ്ഞു ചേർന്നു ..ബുക്കയിലോ ...ഒബോലോനിലോ ഉള്ള അഭയാർത്ഥി ക്യാമ്പുകളിലേക്കാവാം ..അല്ലെങ്കിൽ .ക്രെമേൻച്ചുക്കിൽ നടക്കുന്ന കടുത്ത പോരാട്ടത്തിൽ കടത്തിക്കൊണ്ടുവന്ന അമേരിക്കൻ ആയുധങ്ങൾ എത്തിക്കാനാവാം

പലവട്ടം ആ താടിക്കാരനും അവന്റെ ശിഷ്യന്മാരും പലയിടത്തും നിന്ന് പ്രത്യക്ഷപ്പെട്ടു ... യുദ്ധവെറിയുടെ മണലാരണ്യത്തിൽ ...കനിവിന്റെ ..സുരക്ഷയുടെ മരുപ്പച്ചയായി ...

ചിലപ്പോൾ സ്റ്റാറോക്കിയിവിസ്ക മലയിൽ അവന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ വരുന്ന അയ്യായിരങ്ങൾക്ക് ...അപ്പവും മീനും വിളമ്പി ...മറ്റു ചിലപ്പോൾ ...മിസൈലാക്രമണത്തിൽ മരണം കത്ത് കിടക്കുന്ന മുറിവേറ്റവർക്കു പുതു ജീവനുമായി...ചിതറിക്കിടക്കുന്നവരെ ചേർത്ത് വെക്കാൻ ...പരുക്കൻ പുറംതോടിന്റെ ഉള്ളിലെ കരുണയിൽ വിങ്ങുന്ന ഹൃദയവുമായി ..അവൻ എല്ലായിടത്തുമുണ്ടായിരുന്നു...

* * * * *

T - 80 ടാങ്കർ പുരുഷാരത്തെ രണ്ടായി പകുത്തു കൊണ്ട് ....കല്ലുകൾ പാകിയ പളുങ്കു പോലത്തെ രാജവീഥിയിൽ മായ്ച്ചുകളയാനാവാത്ത പോറലുകൾ ഏല്പിച്ചു കൊണ്ട് മുന്നോട്ടുരുണ്ടു...

ഐസക്കിന്റെ രക്തം വാർന്നു തീർന്ന കാലുകൾ അവന്റെ ഭാരം താങ്ങാനാവാതെ ഒടിഞ്ഞു മടങ്ങി...നിലത്തുകിടന്നു ഞരങ്ങിയ അവനെ വലിച്ചുരച്ചുകൊണ്ടു ..യന്ത്രരാക്ഷസൻ മുന്നോട്ടു പാഞ്ഞു...

പെട്ടെന്ന് മുന്നിൽ ചാടിയ ഒരു മെലിഞ്ഞ രൂപത്തിന് മുൻപിൽ ..അക്ഷമയുടെ ഒരു ചീറലോട് കൂടി അത് കുലുങ്ങി നിന്നു ...

വെറോൺ ആ പട്ടാളവാഹനത്തെ വലം വെച്ച് ആ വലിഞ്ഞു കീറി ചോര കിനിയുന്ന ...ആ ഇടിഞ്ഞു പൊളിഞ്ഞ "ദൈവാലയത്തിന്റെ" അരികിൽ എത്തി...ഉടഞ്ഞു തകർന്ന മഞ്ഞുകണങ്ങളിൽ തന്റെ ശിരോവസ്ത്രം കുതിർത്തു ...അവൾ അത് ഐസക്കിന്റെ മുഖത്ത് ചേർത്തമർത്തി ...അവളുടെ കനിവിന്റെ തണുപ്പിൽ അവൻ ഒന്ന് നിശ്വസിച്ചു...

ക്ലോക്ക് ടവറിന്റെ മുകളിൽ ടെലെസ്കോപിക് സൈറ്റുകളുടെ പിറകിലെ കനിവറിയാത്ത റഷ്യൻ മൃഗം അവളുടെ നിറഞ്ഞ മാർവിടം ഒരു നിമിഷം ആസ്വദിച്ചു ..വെറോണിന്റെ ചെവികളിലെ വൈറ്റ് മെറ്റൽ കുണുക്കുകളിൽ നിന്നും പ്രതിഫലിച്ച പ്രകാശം അയാളെ ഒരു നിമിഷം അന്ധനാക്കിയപ്പോൾ അയാൾ കിരാതന്മാരുടെ റഷ്യൻ ഭാഷയിൽ അസഭ്യം പുലമ്പി

ശ്വാസം ഉള്ളിലേക്കെടുത്തു...ലെന്സ് ഒന്ന് കൂടി അഡ്ജസ്റ്റ് ചെയ്തു... ടെലിസ്കോപ്പിനുള്ളിലെ കുരിശ്ശടയാളം ഇരയുടെ ഇടത്തെ നെഞ്ചിനു മുകളിൽ ... വായിൽ വെറിയുടെ നുര പതഞ്ഞിറങ്ങി ... ചൂണ്ടു വിരൽ കാഞ്ചിയുടെ മേൽ ....

റൈഫിൾ ട്രെനിങ്ങിലെ പ്രധാനപ്പെട്ട പാഠം ...ശ്വാസം ഉള്ളിലേക്കെടുക്കു ...വളരെ മെല്ലെ തീരെ പതിയെ വിരൽ...അമർത്തു ...

ഗെറ്റിഷാ മെട്രോസ്റ്റേഷന്റെ ബുളിവേർഡിൽ എത്തിയിരുന്നു...വല്ലാത്ത ഒരു ബഹളം... തകർന്ന ഭിത്തികൾ ...കത്തുന്ന കാറുകൾ ....കാതടപ്പിക്കുന്ന കലാഷ്നിക്കോവ് ഗർജ്ജനങ്ങൾ ...

അവിടെ ...അവിടെ ...എല്ലാം അവസാനിക്കുകയായിരുന്നു ...

വൈറ്റ് മെറ്റൽ കുണുക്കുകൾ ഗെറ്റിഷയുടെ ജാക്കറ്റിൽ ഉടക്കിയിരുന്നു ...അവളുടെ മുലപ്പാൽ രക്തമായി സ്വീഡ് ജാക്കറ്റ് മേലെ ഒഴുകിയിറങ്ങി...

"എന്റെ മോളെ ...."....ഒരു ഭ്രാന്തിയെപ്പോലെ ഗെറ്റിഷാ മുട്ടിന്മേൽ ഇഴഞ്ഞു...

പട്ടാള ടാങ്കർ നീങ്ങിത്തുടങ്ങിയിരുന്നു ....ഐസക്കിന്റെ നീട്ടിയ കൈകൾ...തേങ്ങുന്ന കണ്ണുകൾ...അകന്നകന്നു പോയി...

പിന്നെ അവൻ ഒരു ശിരോവസ്ത്രത്തിലെ മായാത്ത രേഖാചിത്രമായി...നിരത്തിൽ വീണു കിടന്നു

നാനൂറു മീറ്റർ അകലത്തിൽ നിന്നും റഷ്യൻ സ്നൈപ്പർ പടയാളി നിശ്വാസ വായു മെല്ലെ ഉതിർത്തു , തോക്കു തോളിൽ നിന്നും താഴെ ഇറക്കി ...അയാൾ കാറിത്തുപ്പി

...ഞെട്ടറ്റു നിലം പതിച്ച റോസാ പുഷ്പം പോലെ വെറോൺ അവളുടെ അമ്മയുടെ കൈകളിൽ കിടന്നു

തീരങ്ങളിൽ കത്തിത്തീരാത്ത ചിതകളും ...കട്ട പിടിച്ച ചോരക്കറകളുമായി...നിപ്പേർ നദി നരകത്തിലേക്കൊഴുകി



# അത്ഭുതങ്ങളിലേക്ക് വഴിതുറക്കുന്ന പ്രാർത്ഥനാരീതി

ടീന കുര്യൻ

Testimonials- prayers
Shalom Times

അവള് എല്ലാ ദിവസവും ദൈവാലയത്തില് പോകാനും ബൈബിള് വായിക്കാനും തുടങ്ങി. എന്തിനാണ് കുമ്പസാരിക്കുന്നതെന്ന് ചോദിച്ചയാള് പിറ്റേ ആഴ്ചയില് മൂന്ന് പ്രാവശ്യം കുമ്പസാരിച്ചു. പിന്നീട് ആഴ്ചയില് ഒരിക്കല് കുമ്പസാരിക്കാന് തുടങ്ങി. അരമണിക്കൂര് നീളുന്ന കുരിശിന്റെ വഴി മുട്ടിന്മേല് നിന്ന് പ്രാര്ത്ഥിക്കാന് തുടങ്ങി. ...
മകളുടെ മാനസാന്തരം രണ്ട് ദിവസത്തിനകം

അത്ഭുതങ്ങളിലേക്ക് വഴിതുറക്കുന്ന പ്രാര്ത്ഥനാരീതി
പരിചയക്കാരിയായ ഒരു അമ്മ അവരുടെ അനുഭവം പങ്കുവച്ചതിങ്ങനെയാണ്. ഉറച്ച ക്രൈസ്തവവിശ്വാസം പുലര്ത്തുന്ന സ്ത്രീയാണവര്. പക്ഷേ അവരുടെ ഏകമകന് ഒരു അക്രൈസ്തവ പെണ്കുട്ടിയുമായി പ്രണയത്തിലായി. വരുംതലമുറയില്പ്പോലും ക്രൈസ്തവവിശ്വാസം നഷ്ടപ്പെടാന് സാധ്യതയുള്ള ബന്ധമായിരുന്നതുകൊണ്ട് ഒരു കാരണവശാലും അമ്മ ആ വിവാഹത്തിന് സമ്മതം കൊടുക്കാന് തയാറല്ലായിരുന്നു. മകനെയും കൂട്ടി പല വൈദികരെയും സമീപിച്ചെങ്കിലും എല്ലാവരും നിര്ദേശിച്ചത് മകന് ആ പെണ്കുട്ടിയുമായുള്ള ബന്ധം ഉപേക്ഷിക്കാന് തയാറല്ലെങ്കില് ആ വിവാഹം നടത്തിക്കൊടുത്തോളൂ എന്നാണ്. പക്ഷേ അമ്മയ്ക്ക് അതിന് മനസുവന്നില്ല.
~'മറ്റാരില്നിന്നും തനിക്ക് ഒരു പിന്തുണയും ലഭിക്കില്ലെന്ന് ആ അമ്മക്ക് ഉറപ്പായി. അതിനാല് അമ്മ തീരുമാനിച്ചു, 'ഒരു ലക്ഷം നന്മനിറഞ്ഞ മറിയമേ ചൊല്ലി പ്രാര്ത്ഥിക്കും.' അങ്ങനെ അവര് നന്മനിറഞ്ഞ മറിയമേ എന്ന ജപം ചൊല്ലാന് തുടങ്ങി. 30,000 നന്മനിറഞ്ഞ മറിയമേ ചൊല്ലിക്കഴിഞ്ഞപ്പോഴേക്കും മകന് സ്വമനസാലെ തെറ്റായ ബന്ധത്തില്നിന്ന് പിന്മാറി. അതുവഴി കുടുംബത്തില് സമാധാനം ഉളവായി.

ഈ സംഭവം കേട്ടപ്പോള് എനിക്കും ഒരാഗ്രഹം. സ്വയംവിശുദ്ധീകരണത്തിനായി 10,000 നന്മ നിറഞ്ഞ മറിയമേ ചൊല്ലി പ്രാര്ത്ഥിക്കണം. അതിനാല് ആ സമയത്ത് ചെയ്തുകൊണ്ടിരുന്ന വിമലഹൃദയപ്രതിഷ്ഠയോടനുബന്ധിച്ച് ഞാന് നന്മനിറഞ്ഞ മറിയമേ ചൊല്ലാന് തുടങ്ങി. രണ്ട് ദിവസം കഴിഞ്ഞപ്പോഴാണ് എന്റെ മകളില് വലിയൊരു മാറ്റം കണ്ടത്.
അവള് 16 വയസ്സുള്ള പ്ലസ് വണ് വിദ്യാര്ഥിനിയാണ്. എപ്പോഴും കൊറിയന് പാട്ട് കേള്ക്കുക, കൊറിയന് ഡ്രാമ കാണുക-

ഇതൊക്കെയാണ് താത്പര്യം. കൂടാതെ ഡാന്സിനോടും പാട്ടിനോടും ഭയങ്കര കമ്പവും. എപ്പോഴും അവളുടെ കൈവശം ഐപാഡ് ഉണ്ടാവും. എന്നാല് ആദ്ധ്യാത്മികവിഷയങ്ങളില് അവള്ക്ക് ഒട്ടുംതന്നെ താല്പര്യമുണ്ടായിരുന്നില്ല.

ഞായറാഴ്ച ദിവസം മാത്രം പള്ളിയില് പോകും. കുമ്പസാരിക്കാന് പറയുമ്പോള് എന്തിനാണ് കുമ്പസാരിക്കുന്നത് എന്ന് ചോദിക്കും. കുടുംബ പ്രാര്ത്ഥനയ്ക്ക് ഇരിക്കാന് പറയുമ്പോള് പെട്ടെന്ന് തീര്ക്കണം എന്ന് പറയും. 10 വര്ഷം വേദപാഠം പഠിച്ചിട്ടും ഒരു ദൈവസ്നേഹവും അവളുടെ ഉള്ളില് ഇല്ല എന്ന് ഞാന് മനസ്സിലാക്കി. എന്നെ ദൈവത്തിലേക്കും ദൈവസ്നേഹബന്ധത്തിലേക്കും നയിച്ചത് മാതാവായിരുന്നു. എന്നെ പഠിപ്പിച്ച മാതാവ് അവളെയും പഠിപ്പിക്കും എന്ന് ഞാന് ഉറച്ച് വിശ്വസിച്ചു. വിശുദ്ധ അഗസ്തീനോസിനോടും വിശുദ്ധ മോണിക്കയോടും ഞാന് ഇടയ്ക്ക് മക്കള്ക്ക് വേണ്ടി പ്രാര്ത്ഥിക്കാറുമുണ്ട്. അത്രമാത്രമേ ഞാന് ചെയ്തിരുന്നുള്ളൂ. അല്ലാതെ അവളുടെ കാര്യത്തില് അടിയന്തിരമായ ഒരു പ്രാര്ത്ഥനാസഹായം ആവശ്യമാണ് എന്ന് എനിക്ക് തോന്നിയിരുന്നില്ല.



പക്ഷേ ഞാന് എന്നെത്തന്നെ കൂടുതല് വിശുദ്ധീകരിക്കാന് ശ്രമിച്ചു. അതുകൊണ്ടുതന്നെ എല്ലാ ദിവസവും പള്ളിയില് പോകും. ആഴ്ചയില് ഒരിക്കല് കുമ്പസാരിക്കും. നന്നായി പ്രാര്ത്ഥിക്കാന് ശ്രമിക്കും. മാത്രവുമല്ല എന്റെ സമയം പാഴാക്കുന്നതിന് പലപ്പോഴും കാരണമാകുന്ന യൂട്യൂബ് ഫോണില്നിന്ന് അണ് ഇന്സ്റ്റാള് ചെയ്തു. ഫേസ്ബുക്ക് നോക്കുന്നതും നിര്ത്തി. ആവശ്യങ്ങള്ക്കായി വാട്ട്സാപ്പ് മാത്രം നിലനിര്ത്തി. ആ സമയത്തുതന്നെയാണ് എന്റെ സ്വഭാവം കൂടുതല് മെച്ചപ്പെടാനായി വിമല ഹൃദയപ്രതിഷ്ഠയോടനുബന്ധിച്ച് രണ്ടായിരത്തി ഒരുനൂറ് നന്മ നിറഞ്ഞ മറിയമേ ജപവും ചൊല്ലിയത്. പക്ഷേ മാറിയത് എന്റെ സ്വഭാവമല്ല മകളുടെ സ്വഭാവമാണ്. അവള് എല്ലാ ദിവസവും ദൈവാലയത്തില് പോകാനും ബൈബിള് വായിക്കാനും തുടങ്ങി. എന്തിനാണ് കുമ്പസാരിക്കുന്നതെന്ന് ചോദിച്ചയാള് പിറ്റേ ആഴ്ചയില് മൂന്ന് പ്രാവശ്യം കുമ്പസാരിച്ചു. പിന്നീട് ആഴ്ചയില് ഒരിക്കല് കുമ്പസാരിക്കാന് തുടങ്ങി. അരമണിക്കൂര് നീളുന്ന കുരിശിന്റെ വഴി മുട്ടിന്മേല് നിന്ന് പ്രാര്ത്ഥിക്കാന് തുടങ്ങി. കൊറിയന് ഡ്രാമയും പാട്ട് കേള്ക്കലും നിര്ത്തി ഐപാഡ് എന്നെ ഏല്പിച്ചു. അവളുടെ സംസാരത്തില് ഒരു ദൈവിക ജ്ഞാനം ഞാന് കണ്ടു.



"നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിന്. നാളെ നിങ്ങളുടെ ഇടയില് കര്ത്താവ് അത്ഭുതങ്ങള് പ്രവര്ത്തിക്കും" (ജോഷ്വ 3 / 5) തിരുവചനം എന്റെ ജീവിതത്തില് അക്ഷരംപ്രതി നിറവേറുകയായിരുന്നു.

എനിക്ക് 15 വര്ഷംകൊണ്ട് സംഭവിച്ച മാറ്റം അവളില് വെറും രണ്ടുദിവസം കൊണ്ട് സംഭവിച്ചതുകണ്ട് ഞാന് അത്ഭുതപ്പെട്ടുപോയി. ദൈവസ്നേഹബന്ധത്തിലേക്ക് അവള് വളര്ന്നുവന്നു. പരിശുദ്ധ അമ്മയിലൂടെ കിട്ടിയ ദൈവകൃപയ്ക്കും വിശുദ്ധ മോണിക്കയുടെയും അഗസ്തീനോസിന്റയും മധ്യസ്ഥതക്കും ഒരുപാട് നന്ദി പറയുന്നു.

നമ്മുടെ മക്കള്ക്കു വേണ്ടി വിശുദ്ധ മോണിക്കയോടും വിശുദ്ധ അഗസ്റ്റിനോടും ഉള്ള അപേക്ഷ

വിശുദ്ധ മോണിക്കയേ, അങ്ങയുടെ പ്രാര്ത്ഥന കേട്ട നല്ല ദൈവത്തിന്റെ അനന്ത കാരുണ്യത്തെ പ്രതി എന്റെ പ്രാര്ത്ഥന കേള്ക്കണമേ, എന്നെ സഹായിക്കണേ. അങ്ങയുടെ പ്രിയപുത്രന് വിശുദ്ധ അഗസ്റ്റിനെപ്രതി എന്റെ മക്കളെ അമ്മയുടെ ആത്മീയ മക്കളായി സ്വീകരിക്കണമേ. ഭൂമിയില്വച്ച് അങ്ങയുടെ പ്രിയപുത്രന് വേണ്ടി അര്പ്പിച്ച പ്രാര്ത്ഥനകള് അനുസ്മരിക്കണേ. അതുപോലെ എന്റെ മക്കളും സ്വര്ഗത്തില് എത്തുന്നതുവരെ അങ്ങ് അവര്ക്കു വേണ്ടി പ്രാര്ത്ഥിക്കണേ.

വിശുദ്ധ അഗസ്റ്റിന്, ഇതുപോലുള്ള ഒരു അമ്മയെ അങ്ങേക്ക് തന്ന നല്ല ദൈവത്തെപ്രതി എന്റെ മക്കളില് ദൈവഹിതം നിറവേറ്റപ്പെടാന് സ്വര്ഗത്തില് അങ്ങ് അര്പ്പിക്കുന്ന അര്ത്ഥനകളില് എന്റെ മക്കളെ സമര്പ്പിക്കണേ. യേശുവിന്റെ തിരുരക്തത്തില് പൊതിഞ്ഞ് വിശുദ്ധിയില് എന്റെ മക്കളെ സംരക്ഷിക്കണേ....
( നിയോഗം പറയുക). അങ്ങയുടെ സ്വന്തം എന്നവണ്ണം അവരെ സ്വീകരിക്കണമേ,

ആമ്മേന്.

ടീന കുര്യൻ



# Five to Five Thousand

A mass tailed him to Galilee,
To the land of the mighty sea,
Miracles they hoped to see,
Blessed is the lord they believed!

The sun dawned on the crowded on the crowded land,
The lovely evening dew,
Grew their hunger, still,
Blessed is the lord they believed!

He asked his followers,
“Where shall we buy bread,
For these people to eat”
But he knew its answer,
Blessed is the lord they believed!

Oh! The touch of his five fingers,
The five loaves turned to plenty,
A way to answer prayers,
Blessed is the lord they believed!

Its god’s way,
Be humble to help,
Double the boons!



JOMIYA JIMMY

# CML activities








# Vincent de Paul activities










| Amount spent for charity in FY 2022-23 | |
|---|---|
| Medical Support | 510000 |
| House Construction | 400000 |
| Education Support | 250000 |
| Training Centre (Tailoring) for underprivileged women | 220000 |
| Food Support | 77000 |
| Support for Adopted Families | 170000 |
| Total | Rs. 1627000 (16.27 Lakhs) |

SOCIETY OF ST VINCENT DE PAUL SANTHOME CONFERENCE

BHIM UPI

Scan and Pay using any UPI App

UPI id: qr.vincent99@sib

**Account Name:** Society of St Vincent De Paul Santhome Conference Hulimavu
**Account No :** 0526053000006999
**IFSC Code :** SIBL0000526

## Donate and support us

Charity is the cement which binds Communities to God and persons to one another . . . Vincent de Paul

**Note: Donations eligible for deduction under section 80(G) of Income Tax Act. Contact us for details**

# Mathruvedi activities




സാന്തോം മാതൃവേദി വളർച്ചയുടെ പടവുകൾ ഒന്നൊന്നായ് കയറി 2023 ൽ എത്തിനിൽക്കുമ്പോൾ നമുക്കേറേ അഭിമാനിക്കാൻ, മാന്ധ്യരൂപത മാതൃവേദിയുടെ 2022,23 വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള ബെസ്റ്റ് യുണീറ്റ് അവാർഡ് സാന്തോം മാതൃവേദിക്ക് ലഭിച്ചു!അതും രൂപതയിലെ 33 പള്ളികളിൽ നിന്നും തിരഞ്ഞെടുത്തു!.

ഒക്ടോബർ 2 ന് ജലാഹള്ളി st. തോമസ് ഫെറോന പള്ളിയിൽ വെച്ചായിരുന്നു സമ്മാനദാനം.

നിറഞ്ഞ സന്തോഷത്തോടെ പറയുവാൻ സാധിക്കും അമ്മമാർ ആയിരുന്നിട്ടും, കുടുംബിനികൾ ആയിരുന്നിട്ടും! മിച്ചം പിടിച്ച സമയമത്രയും സംഘടനക്ക് വേണ്ടി, അതിന്റെ പ്രവർത്തനങ്ങൾക്ക് വേണ്ടി, നമ്മളെല്ലാവരും മാറ്റിവെച്ച നമ്മുടെ സമയത്തിനുള്ള,പരിശുദ്ധ അമ്മയുടെ സമ്മാനമാണ്

നിസാരമെന്നു തോന്നുമെങ്കിലും നമ്മൾ ചെയ്ത ഓരോ പ്രവർത്തികളും, വിധവയുടെ കൈയിലേ ചില്ലറത്തുട്ടുപോലെ വിലമതിക്കാനാവാത്തതായിരുന്നു!!!

എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു പ്രിയ അമ്മമാരെ! നിങ്ങൾ തന്ന പിന്തുണയും, പ്രാർത്ഥനയുമാണ് നമ്മുടെ വിജയത്തിന് പിന്നിൽ.... ഹൃദയം നിറഞ്ഞ നന്ദി..








# Pithruvedi activities









# Youth activities
















SANTHOME CHURCH

HULIMAVU, BANGALORE